പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5924 | 04.07.2019-ൽ മറുപടിക്ക്

**കോഴിക്കോട് ബ്രിഡ്ജസ് ഡിവിഷന് കീഴിലെ പ്രവൃത്തികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി.എ. റഹീം | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് ബ്രിഡ്ജസ് ഡിവിഷന് കീഴിൽ കാക്കേരി, ചെട്ടിക്കടവ് പാലങ്ങൾക്ക് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് ഭരണാനുമതി ലഭ്യമാക്കിയത് എന്നാണ്; വ്യക്തമാക്കാമോ; | (എ) കാക്കേരി പാലത്തിന് 15.08.2018-ന് കെ.കെ.ഡി/2018/4391 ഉത്തരവ് പ്രകാരം 2,40,000/- രൂപയ്ക്ക് ഭരണാനുമതി നൽകി ചെട്ടിക്കടവ് പാലത്തിന് 06/12/2018-ന് കെ.കെ.ഡി/2018/7986 ഉത്തരവ് പ്രകാരം 2,40,000/- രൂപയ്ക്ക് ഭരണാനുമതി നൽകി. |
| (ബി) പ്രസ്തുത പ്രവൃത്തികൾ എന്നാണ് ടെണ്ടർ ചെയ്തത്; ആരെല്ലാമാണ് കരാർ എടുത്തിട്ടുള്ളത്; കരാർ എടുത്തവർക്ക് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ടോ; | (ബി) കക്കേരി പാലം ടെണ്ടർ ചെയ്തത് 31/10/2018-ലാണ്. കരാർ ഏറ്റെടുത്തത് യു.എൽ.സി.സി.എസ്. ലിമിറ്റഡ് ആണ്. ചെട്ടിക്കടവ് പാലം ടെണ്ടർ ചെയ്തത് 23.01.2019 തീയതിയിലാണ്. കരാർ ഏറ്റെടുത്തത് ജി.എസ്. ഇൻഫ്രാസ്ട്രക്ച്ചർ, എറണാകുളം ആണ്. രണ്ടു പ്രവൃത്തികൾക്കും പൊതുമരാമത്ത് റോഡ്സ് വിഭാഗം സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. |
| (സി) ഉണ്ടെങ്കിൽ എന്നാണ് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; സെലക്ഷൻ നോട്ടീസ് നൽകിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ; | (സി) കക്കേരി പാലത്തിന് 05/03/2019-നും ചെട്ടിക്കടവ് പാലത്തിന് 08/03/2019-നും സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. |
| (ഡി) കോഴിക്കോട് പാലങ്ങൾ വിഭാഗത്തിൽ പുതിയ എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിയമിച്ചശേഷം പ്രസ്തുത ഡിവിഷന് കീഴിലുള്ള പാലം പ്രവൃത്തികളിൽ എന്തെങ്കിലും പുരോഗതിയുണ്ടായിട്ടുണ്ടോ; | (ഡി) കോഴിക്കോട്, വയനാട് ജില്ലകൾ കോഴിക്കോട്, പാലം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ ആണ് ഉൾപ്പെടുന്നത്. കോഴിക്കോട് ജില്ലയിൽ തിരുവമ്പാടി മണ്ഡലത്തിലെ തോട്ടുമുക്കം പാലത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ച് വരുന്നു. ബാലുശ്ശേരി മണ്ഡലത്തിലെ തൃക്കുറ്റിശ്ശേരി പാലത്തിന്റെ പ്രവൃത്തിയും ദ്രുതഗതിയിൽ പുരോഗമിക്കുന്നു. വർഷങ്ങളായി ആരംഭിക്കാൻ കഴിയാതെയിരുന്ന ചെടിയാലക്കടവ് പാലത്തിന്റെ പ്രവൃത്തി |

27/02/2019-ന് ആരംഭിക്കുകയും നല്ല രീതിയിൽ പുരോഗമിക്കുകയും ചെയ്യുന്നു. ബേപ്പൂർ നിയോജക മണ്ഡലത്തിലെ ചെമ്പായിത്തോട് പാലം 03/03/2019-ൽ ആരംഭിച്ച് പുരോഗമിച്ചു വരുന്നു. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച ചാലിയാർ പുഴയ്ക്ക് കുറുകെയുള്ള കുളിമാട് പാലത്തിന്റെ പൈലിംഗ് പ്രവൃത്തി തുടങ്ങിയിട്ടുണ്ട്. കൂടാതെ, കോഴിക്കോട് ജില്ലയിലെ തന്നെ മറ്റു പാലങ്ങളായ പുതിയ പാലം, ഉള്ളൂർക്കടവ് പാലം, തൊണ്ടിലക്കടവ് പാലം, തെയ്യാപ്പാറക്കടവ് പാലം. നടമ്മൽക്കടവ് പാലം, ഇലന്തക്കടവ് പാലം, കോവിലകംതാഴംപാലം, അകലാപ്പുഴപാലം, പടനിലം പാലം, തോരായിക്കടവ് പാലം എന്നീ പാലങ്ങളുടെ സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി ത്വരിതപ്പെടുത്തുകയും കാര്യങ്ങൾ നല്ല രീതിയിൽ പുരോഗമിച്ചുവരുകയും ചെയ്യുന്നു. ഇതിൽ കോവിലകം താഴം പാലത്തിന്റെ സ്ഥലം ഏറ്റെടുക്കൽ രജിസ്ട്രേഷൻ ഘട്ടത്തിലാണ്, പുതിയ പാലം പാലത്തിന്റെ സ്ഥലം ഏറ്റെടുക്കാനുള്ള ഫണ്ട് ലഭ്യമാക്കി എൽ.എ ഡിപ്പാർട്ട്മെന്റിന് കൈമാറിയിട്ടുണ്ട്.

വയനാട് ജില്ലയിലെ പൊളളൻപാറ പാലം സമീപന റോഡ്, മാമ്പിലിച്ചിക്കടവ് പാലം, താളിപ്പാറക്കടവ് പാലം എന്നീ പാലങ്ങളുടെ പ്രവൃത്തികളും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ പുരോഗമിച്ചുവരുന്നു.

ഇതു കൂടാതെ പുതിയതായി അംഗീകാരം ലഭിക്കേണ്ട പല പ്രവൃത്തികളുടെയും ഇൻവെസ്റ്റിഗേഷൻ നടത്തി റിപ്പോർട്ട് തയ്യാറാക്കി രൂപകൽപ്പനാ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്.

(ഇ) പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ പ്രത്യേക സ്റ്റാഫിനെ നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

എകസിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ മാത്രമാണ് നിയോഗിച്ചിട്ടുള്ളത്. മറ്റു ഉദ്യോഗസ്ഥരെ ഒന്നും നിയോഗിച്ചിട്ടില്ല. ഓവർസിയർമാരേയും മറ്റ് മിനിസ്റ്റീരിയൽ സ്റ്റാഫിനേയും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചീഫ് എഞ്ചിനീയറുടെ പരിപത്രം (നമ്പർ സി.ഇ./ഭരണ/പ്ലാനിംഗ്/2139/ജി.എൽ./2018 തീയതി15/10/2018) പ്രകാരം റോഡ്സ്

വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തിയാണ് കാര്യങ്ങൾ ചെയ്യുന്നത്. നിലവിൽ പാലങ്ങൾ ഉപവിഭാഗം ഓഫീസിലാണ് ബ്രിഡ്ജസ് ഡിവിഷൻ ഓഫീസ് താൽക്കാലികമായി പ്രവർത്തിക്കുന്നത്. പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യുന്നതിനുള്ള സൗകര്യം പുതിയ ഓഫീസിന് ലഭ്യമല്ലാത്തതിനാലും ടെക്നിക്കൽ സ്റ്റാഫ് ഇല്ലാത്തതിനാലും ടെണ്ടർ നടപടികൾ എല്ലാം നിലവിൽ റോഡ്സ് വിഭാഗം തന്നെയാണ് ചെയ്ത് വരുന്നത്.

സെക്ഷൻ ഓഫീസർ